**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2438** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഉത്സവക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഉത്സവക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; ആയത് എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എ) | എല്ലാ വർഷവും ഓണം, ക്രിസ്തുമസ്–പുതുവത്സരം, വിഷു-ഈസ്റ്റർ-റംസാൻ എന്നീ ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സർക്കാർ ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഈ ഓണക്കാലത്തും പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 18/08/2023 മുതൽ 28/08/2023 വരെയുള്ള കാലയളവിൽ വിപുലമായ തോതിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. FMCG ഉല്പന്നങ്ങൾക്കും ശബരി ഉല്പന്നങ്ങൾക്കും സാധാരണ ഡിസ്കൗണ്ടിനു പുറമേ വലിയ ഓഫറുകൾ ഓണം ജില്ലാ ഫെയറുകളിൽ ലഭ്യമാക്കിയിരുന്നു. ടി ചുരുങ്ങിയ കാലയളവിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ മാത്രം ഏകദേശം 6.28 കോടി രൂപയുടെ വില്പന നടന്നു. മുൻ വർഷം ഇത് 2.64 കോടി രൂപ മാത്രമായിരുന്നു. ഈ ഓണക്കാലത്ത് സപ്ലൈകോ ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് വളരെ വിലക്കുറവിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിച്ചു.<br><br>കൂടാതെ 2023 ലെ ഓണത്തോടനുബന്ധിച്ച് AAY റേഷൻ കാർഡ് ഉടമകൾക്കും സാമൂഹിക ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 17/08/2023 തീയതിയിലെ സ.ഉ.(കൈ) നം.12/2023/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുണിസഞ്ചി ഉൾപ്പെടെ 14 ഇനം അവശ്യ സാധനങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ